കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ തിരുവാലി ഗ്രാമ പഞ്ചായത്തിന്റെ 1999-2002 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 47 - ഓഡിറ്റ് തടസ്സത്തിനാധാരമായ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ)നം.2019/2016/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി 29/06/2016

പരാമർശം : 1. തിരുവാലി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 15.12.2014 – തിയതിയിലെ എ 2-4326/14(4) നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 11.11.2015 – തിയതിയിലെ എം3/36112/15 നമ്പർ കത്ത്

3. കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21.03.2016 – തിയതിയിലെ കെ.എസ്.എ-14123/പി.റ്റി3/15 നമ്പർ കത്ത്

## ഉത്തരവ്

വിദ്യുച്ഛക്തി ഓഫീസ് കെട്ടിട ഉദ്ഘാടനവും അതിനോടനുബന്ധിച്ച ചെലവുകളും പഞ്ചായത്തിന്റെ അനിവാര്യചുമതലയിൽപ്പെടുന്നതല്ലാത്തതിനാൽ വിദ്യുച്ഛക്തിമന്ത്രിയുടെ ഉദ്ഘാടനചടങ്ങിനോടനുബന്ധിച്ച് 4,900 രൂപാ (നാലായിരത്തിത്തൊള്ളായിരം രൂപാ മാത്രം) ചെലവഴിച്ച തിരുവാലി ഗ്രാമ പഞ്ചായത്തിന്റെ 1999-2002 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 47 നടപടി തടസ്സപ്പെടുത്തിയിരുന്നു. 1999 കാലയളവിൽ തിരുവാലി ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾ വണ്ടൂർ കെ.എസ്.ഇ.ബി ഓഫീസിലെത്തിയാണ് വൈദ്യുതി ചാർജ്ജ് അടച്ചിരുന്നതെന്നും പഞ്ചായത്തിലെ ജനങ്ങളുടെ നിരന്തരമായ ആവശ്യം പരിഗണിച്ചാണ് തിരുവാലി ഗ്രാമപഞ്ചായത്തിൽ ഒരു കളക്ഷൻ സെന്റർ ആരംഭിച്ചതെന്നും വിദ്യുച്ഛക്തിമന്ത്രി കൂടി പങ്കെടുത്ത കളക്ഷൻ സെന്ററിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ടാണ് തുക ചെലവഴിച്ചതെന്നും ആയതിനാൽ ഇക്കാര്യത്തിൽ ഓഡിറ്റ് തടസ്സവാദം ഒഴിവാക്കി സാധൂകരണം നൽകണമെന്നും സൂചന ഒന്ന് കത്ത് പ്രകാരം തിരുവാലി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ മറുപടി കണക്കിലെടുത്ത് ഇക്കാര്യത്തിൽ സർക്കാരിന് സാധൂകരണം നൽകാവുന്നതാണെന്ന്

പരാമർശം മൂന്ന് കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവാലി ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ തിരുവാലി ഗ്രാമ പഞ്ചായത്തിന്റെ 1999-2002 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 47 പ്രകാരം തടസ്സപ്പെടുത്തിയിരുന്ന 4,900 രൂപായുടെ (നാലായിരത്തിത്തൊള്ളായിരം രൂപാ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഷിബു.എ.ടി
അണ്ടർ സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, തിരുവാലി ഗ്രാമ പഞ്ചായത്ത്, മലപ്പുറം
വെബ് ആന്റ് ന്യൂ മീഡിയാ ഡിവിഷൻ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയറ്റ്, തിരുവനന്തപുരം (കേരളാ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ